കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1029/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :20.08.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് –2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഉപഖണ്ഡിക 9, ഭാഗം 3-1, 3-2, 3-8 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1029/2019 തിയ്യതി :20.08.2019

## തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.06.2019 മുതൽ 29.06.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സിനിലാൽ എം ജി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ ഇ കെ അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.സുനിൽകുമാർ കെ സി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിജ്ജ സി എസ്, ഓഡിറ്റർ |

| (ബി)നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡന്റ് | പി.സി. ശ്രീദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.ജോളി വിജയൻ (ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 04.02.2019 വരെ |
| | ശ്രീമതി.സരിത എ.കെ | 05.02.2019 മുതൽ 31.3.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.വി.ആർ.നരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.വി.പ്രബിത | 01.04.2018 മുതൽ 06.06.2018 വരെ |
| | 07.06.2018 ഒഴിവ് | |
| | ശ്രീമതി.ദിജി.എം.ടി | 08.06.2018 മുതൽ 10.01.2019 FN വരെ |
| | ശ്രീമതി.വി.പ്രബിത | 10.01.2019 AN മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബൽഗീസ്.എം | 01.04.2018 മുതൽ 16.06.18 FN വരെ |
| | ശ്രീമതി ഗ്രേസി ജോസഫ് | 16.6.2018 AN മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സന്ദീപ്.സി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.മിനി.പി.എം | 01.04.2018 മുതൽ 10.08.2018 FN വരെ |
| | ഡോ.റോഷ്.എം.വി. | 10.08.2018 AN മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സിനി.കെ.എസ് | 01.04.2018 മുതൽ 10.09.2018 വരെ |
| | ശ്രീമതി. ഗീത.വി.എൻ. | 11.09.2018 മുതൽ 12.03.2019 FN വരെ |
| | ശ്രീമതി. ശ്രീകല.കെ. | 12.3.2019 AN മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ലത മേനോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീമതി.നന്ദിനി.ടി | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | വാടക,ലേലം സംബന്ധിച്ച അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 12 | പൊതു മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-1 |
| 13 | കാർഷിക യന്ത്ര സേവന കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാർഷിക യന്ത്രങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. | 3-2 |
| 14 | സാക്ഷരത പത്താം ക്ലാസ് തുല്യത പരീക്ഷ -കോഴ്സ് ഫീ നല്കൽ. | 3-3 |
| 15 | പഴവിൽ മൂന്ന സെന്റ് കോളനി കുടിവെള്ള പദ്ധതി ,ചാഴൂർ | 3-4 |
| 16 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 17 | ഡയാലിസിസ് ഉപകരണങ്ങൾ വാങ്ങി നല്കൽ – സർക്കാർ സ്ഥാപനങ്ങൾക്ക് പ്രഥമ പരിഗണന നല്കണം | 3-6 |
| 18 | പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനം-മോട്ടോറുകൾ യഥാസമയം ലഭ്യമായിട്ടില്ല. | 3-7 |
| 19 | റിവോൾവിംഗ് ഫണ്ട് നൽകൽ - കമ്മിറ്റി അംഗീകാരം തേടുന്നില്ല | 3-8 |
| 20 | പി.എം.എ.വൈ. ഭവനനിർമ്മാണം | 3-9 |
| 21 | നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല | 3-10 |
| 22 | പൈക്ക പദ്ധതി -4 വർഷത്തിലേറെയായി ഫണ്ട് ചെലവാക്കാതെ സൂക്ഷിക്കുന്നു | 3-11 |
| 23 | ICDS കേന്ദ്ര വിഹിതം വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-12 |
| 24 | നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ്-മേൽനോട്ടത്തിലെ വീഴ്ചകൾ | 3-13 |

| | | |
|---|---|---|
| 25 | റോഡുകൾ ബ്ലോക്ക് ആസ്തിയിൽ പെടുത്തിയിരിക്കുന്നു | 3-14 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃതറിപ്പോർട്ടിലേക്ക് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 36 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |



## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് 17,78,06,345/- രൂപയും, പ്രതീക്ഷിത ചെലവ് 17,53,14,000/- രൂപയും നീക്കിയിരിപ്പ് 24,92,345 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിയ്ക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.19 | 28.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 25.06.2019, 26.06.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,31,33,089 |
| വരവ് | 5,74,03,545 |
| ആകെ | 7,05,36,634 |
| ചെലവ് | 6,12,13,454 |
| നീക്കിയിരിപ്പ് | 93,23,180 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 26957000 | 26957000 | 23514342 | 3442658 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16659000 | 16659000 | 14347508 | 2311492 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 138000 (അലോട്ട്മെന്റ്) | 138000 | - | 138000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3196000 | 3196000 | 3196000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | - | - | - | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | - | - | - | - |
| സാക്ഷരത | - | - | - | - | - |
| ദുരിതാശ്വാസനിധി | - | - | - | - | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| TSC | 2210512 | 78164 (പലിശ) | 2288676 | 12600 | 2276076 |
| ICDS(GPG) | 333096 | 903968 (ICDS വരവായി ജിപിജിയിൽ നിന്നു ജർണൽ വഴി ക്രമീകരിച്ചത്) | 1237064 | 0 | 1237064 |
| PYCKA(BOI) | 270000 | - | 270000 | - | 270000 |
| SAGY(BOI) | 50000 | - | 50000 | 11000 | 39000 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| IAY Admin | | 6006 | 213 | 6219 | - | 6219 |
| SIG for SHG | | 1261 | 44 | 1305 | - | 1305 |
| Kudumbasree (Buds School)-GPG | | - | 1250000 | 1250000 | 569287 | 680713 |
| Keralolsavam(GPG) | | - | 35000 | 35000 | 35000 | - |
| Vimukthi(GPG) | | 7200 | - | 7200 | 7200 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 1701251 | 2635047 | 4336298 | 2812900 | 1523398 |
| | ജില്ലാ പഞ്ചായത്ത് | 6737270 | 4998794 | 11736064 | 9546008 | 2190056 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 383165 | 8258303 | 8641468 | 6029453 | 2612015 |
| തനത് ഫണ്ട് | കോ-ഓപ്പറേറ്റീവ് ബാങ്ക് (SCB താന്ന്യം) | 192209 | 282155 | 474366 | 413959 | 60405 |
| | ട്രഷറി STSB | 383165 | 8258303 | 8641468 | 6029453 | 2612015 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാ-ക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 79 | 59882670 | 64 | 41206760 | 6 | 9 | 81% |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-06-2019ന് 3.00 PM ന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-11-18 മുതൽ 15-11-18 വരെ | 2017-18 | 28.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-02-17 മുതൽ 25-02-17 വരെ | 2015-2016 | ലഭ്യമാക്കിയിട്ടില്ല |

# 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റിംഗ് മുതൽ പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും വരെയുള്ള കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം ദുർബ്ബലമാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും അടിസ്ഥാനത്തിലോ, ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടിട്ടോ അല്ല ബജറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. 18-19 ൽ മതിപ്പ് വരവ് ചെലവ് യഥാക്രമം 17.20 കോടി രൂപയും 17.53 കോടി രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് ചെലവ് യഥാക്രമം 5.74 കോടി രൂപയും 6.12 കോടി രൂപയുമാണ്. യഥാർത്ഥ വരവു ചെലവിന്റെ മൂന്നിരട്ടിയിലധികമാണ് മതിപ്പ് കണക്കാക്കിയിട്ടുള്ളത്. യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിക്കാത്തതു കൊണ്ടാണ് ഈ വലിയ അന്തരം സംഭവിച്ചിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ, ഈ അവസ്ഥ ആഭ്യന്തര നിയന്ത്രണത്തിൽ ഏറ്റവും പ്രധാനമായ ധനകാര്യ മാനേജ്മെന്റിനെ മൊത്തത്തിൽ ദുർബലപ്പെടുത്തുന്നുണ്ട്.

വാർഷിക ധനകാര്യ പത്രികകൾ തമ്മിലും, പത്രികകളും അനുബന്ധ രജിസ്റ്ററുകളും തമ്മിലും പൊരുത്തമില്ലാത്തതും (ഖണ്ഡിക 1.10) ആഭ്യന്തര നിയന്ത്രണത്തെ ദുർബലപ്പെടുത്തുന്ന മറ്റൊരു സൂചകമാണ്. ഡെപ്പോസിറ്റ് പ്രവർത്തികളുടെ നടപടിക്രമങ്ങളിലെ അച്ചടക്കമില്ലായ്മ (ഖണ്ഡിക 3.14), ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ (ഖണ്ഡിക3.3), സമിതികൾക്കു ഫണ്ട് നൽകുന്നതിനു കമ്മിറ്റി അംഗീകാരം തേടാത്തത് (ഖണ്ഡിക 3.8), വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാതിരിക്കൽ (ഖണ്ഡിക 3.5) വിവിധ പദ്ധതികൾക്കായുള്ള ഫണ്ട് ചെലവഴിക്കാതിരിക്കൽ (ഖണ്ഡിക 3.10, 3.11, 3.12) കരാർ ലംഘനങ്ങളിൽ സമയോചിതമായി നടപടി സ്വീകരിക്കാത്തതുമൂലം ആസ്തി പരിപാലനത്തിലുണ്ടായ വീഴ്ചകൾ (ഖണ്ഡിക 3.2) ശരിയായ മോണിറ്ററിങ്ങിന്റെ അഭാവം (ഖണ്ഡിക 3.1, 3.14, 3.10, 3.11, 3.12, 3.13) തുടങ്ങി ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകളുടെ നിരവധി സൂചകങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ ഈ റിപ്പോർട്ടിലൂടെ കൊണ്ടുവരുന്നുണ്ട്. ആയവ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഉത്തരവാദപ്പെട്ടവർ കൈക്കൊള്ളേണ്ടതാണ്.

പ്രതിമാസ വരവുചെലവുകൾ പ്രാഥമികമായി പരിശോധിച്ച് യഥാകാലം ആഭ്യന്തര ഓഡിറ്റ് നിർവ്വഹിയ്ക്കേണ്ട ഉത്തരവാദിത്വം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട് എന്ന് പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തെ ശക്തിപ്പെടുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ വിധ പരിശോധനകൾ നിർണ്ണായകമാണ്. എന്നാൽ ആ വിധമുള്ള പരിശോധന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ നടത്തിയതായി കാണുന്നില്ല.

# 1-10 വാർഷിക കണക്കിലെ അപാകതകൾ

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ഉൾപ്പെട്ടിരിക്കുന്ന താഴെ പറയുന്ന ശീർഷകങ്ങൾക്ക് പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ ഇല്ല.

| ശീർഷകം | വിവരണം |
|---|---|
| 320100121 | Centrally Sponsored Scheme - ICDS |
| 320100126 | Centrally Sponsored Scheme - PYCKA |

| | |
|---|---|
| 320700203 | Contributions for Joint Venture Projects (for revenue expenditure) – From village panchayats |
| 320700205 | Contributions for Joint Venture Projects (for revenue expenditure) – From district panchayats |

2) താഴെ പറയുന്ന തുകകൾ അഡ്വാൻസ് രജിസ്റ്റർ പ്രകാരം റിക്കപ്പ് ചെയ്ത് ക്രമീകരിക്കാത്തതായും എന്നാൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ Temporary Advance Official Purposes/to Implementing Agencies ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തുമാകുന്നു.

| ചെക്ക് നം | തീയതി | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | A/c |
|---|---|---|---|---|
| 175267 | 11.7.2017 | 4326 | CDPO | TPSCB |
| 176728 | 18.12.2017 | 5000 | GEO | GPG |
| 3268416 | 30.10.17 | 30000 | GEO | GPG |
| 175262 | 15.5.2017 | 4611 | CDPO | TSCB |
| | ആകെ | 43937 | | |

3) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരം 1126730 രൂപയാണ് Capital work in progress ആയി രേഖപ്പെടുത്തിയിരിക്കുന്നത് . AE യുടെ project Register പ്രകാരം 451010/- രൂപയാണ് പാർട്ട് ബിൽ തുക. മറ്റേതെങ്കിലും മൂലധന പ്രവൃത്തികൾക്കായി വ്യത്യാസമായി കാണിക്കുന്ന 6,75,720/- രൂപയുടെ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെങ്കിൽ ആയ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

4) 2017-18 വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യതും 2017-18, 2018-19 വർഷങ്ങളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ താഴെ പറയുന്ന പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി Advance to implementing agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 111 | ചാത്തൻകുളങ്ങര പാടശേഖരത്തിൽ ഇലക്ട്രിക് ലൈനും മോട്ടോർ കണക്ഷനും | 84,250 | കെ.എസ്.ഇ.ബി. |
| 142 | തൃപ്രയാർ സി.എച്ച്.സി.യിൽ വനിത വാർഡ് നിർമ്മാണം - പി.ഡബ്യു.ഡി.ക്ക് ഫണ്ട് കൈമാറൽ | 37,13,200 | പി.ഡബ്ല്യു.ഡി. |
| 128 | ചാലാടി പഴക്കോൾ വൈദ്യുതീകരണം | 12,52,949 | കെ.എസ്.ഇ.ബി. |

കൂടാതെ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനു അഡ്വാൻസ് നൽകുന്ന തുക അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(ഭാഗം 3-13 ൽ കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്)

5) Refund of Unutilised Grants of Prior Period -350300109 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള തുക- 296682/- രൂപയുടെ ആധികാരികത പരിശോധിക്കുവാനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ ഒന്നും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യം കണക്കാക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത്.

7). ഐ.എ.വൈ. പ്ലാൻ ഷെയർ എന്നയിനത്തിനായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങോട്ടുകര (അക്കൗണ്ട് നമ്പർ - 551002010010941) എന്ന അക്കൗണ്ടിൽ നിന്നും 2013 വർഷത്തിൽ നൽകിയ ചെക്കുകൾ കാലാവധി കഴിഞ്ഞതിനാൽ liability in respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിനു പകരം prior period programme expense ശീർഷകത്തിൽ ആണ് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളത്.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 (2) എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38,09,909/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash used up by operating + investing + financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (32,71,427/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക,ലേലം സംബന്ധിച്ച അപാകതകൾ

1) വാടക സംബന്ധിച്ച്

അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത് കാര്യാലയ കോമ്പൗണ്ടിലുള്ള DWCRA കെട്ടിടത്തിലെ താഴത്തെ രണ്ടു കെട്ടിടമുറികളും, പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി പട്ടികജാതി വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച മുകൾനിലയിലെ ഒരു കെട്ടിട മുറിയും വർഷങ്ങളായി വാടകക്ക് നൽകിവരുന്നു. എന്നാൽ വാടക സംബന്ധിച്ച് ബൈലോ ഇതുവരെ തയ്യാറാക്കിയിട്ടില്ല. 61175/- രൂപയാണ് തൻവർഷം വാടകയിനത്തിലുള്ള വരവ്. തൻവർഷം 6175 രൂപയും 17-18 ൽ 1375/- രൂപയും കുടിശ്ശിക ലഭിക്കാനുണ്ട്.

വാടക സംബന്ധിച്ച് അക്ഷയ സെന്റർ, കർഷക സേവ വിപണന കേന്ദ്രം എന്നിവയുമായി കരാർ ഉണ്ടെങ്കിലും മേൽ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

ഏപ്രിൽ 2017 വരെ വനിതാ കാന്റീൻ നടത്തിയിരുന്ന വജ്രം സ്വയം സഹായ സംഘം 2017 ഏപ്രിൽ മാസത്തെ വാടകയായ 1,375/- രൂപ വാടക കുടിശ്ശിക വരുത്തിയത് ഇതുവരെയായി സംഘം സെക്രട്ടറിയായ ഭായി ബാലൻ, നടുപറമ്പിൽ വീട്, ചാഴൂർ (പി.ഓ) പ്രസിഡണ്ട് ബിബി മണികണ്ഠൻ, കുറ്റി വീട്, ചാഴൂർ (പി.ഓ) എന്നീ വാടകക്കാരിൽ നിന്ന് ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവരിൽ

നിന്നും ഡെപ്പോസിറ്റ് തുക സ്വീകരിച്ചിരുന്നില്ല. ആയതിനാൽ തന്നെ 3 വർഷത്തിനകം കുടിശ്ശിക പിരിച്ചെടുക്കാത്ത പക്ഷം വരുമാന നഷ്ടമായി കണക്കാക്കേണ്ടതും അപ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നു തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2) ലേലം ഫയൽ ലഭ്യമാക്കിയിട്ടില്ല

ധനകാര്യപത്രിക Income and Expenditure Schedule I-5b പ്രകാരം 5132/ -രൂപ sale of scrap ഇനത്തിൽ വരുമാനമായി തൻവർഷം 2.6.18-ൽ ലഭിച്ചിട്ടുണ്ട്. ലേല നടപടികളുടെ വിവരം സംബന്ധിച്ച ഫയൽ, ലേലം രജിസ്റ്റർ എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. നിലവിൽ ലേലം, കെട്ടിട മുറികൾ വാടകക്കോ നൽകുന്നത് അതതു വർഷത്തെ പഞ്ചായത്ത് തീരുമാനങ്ങളിലൂടെയാണ്. കരാർ ലംഘനമുണ്ടാകുന്ന പക്ഷം കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ഇതു അപര്യാപ്തമാകയാൽ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ബൈലോ തയ്യാറാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതു മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം.ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നതിന് രൂപീകരിച്ച 31 പൊതു മരാമത്ത് പ്രവൃത്തികളിൽ 20 സ്പിൽ ഓവർ പദ്ധതികളും 11 പുതിയ പദ്ധതികളുമുണ്ട്. ഇതിൽ 2 സ്പിൽ ഓവർ പദ്ധതികളും 3 പുതിയ പദ്ധതികളും ഉൾപ്പെടെ 5 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. മുൻ വർഷത്തെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതു മൂലവും സ്പിൽ ഓവർ പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് അനുവദിക്കാത്തതു മൂലവും വളരെ കുറച്ച് പുതിയ പ്രവൃത്തികൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളു. പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഒട്ടുമിക്ക പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതി തുകയിൽ അധികരിക്കാതെ പ്രവൃത്തി നടത്തുന്നതിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നടപ്പാക്കേണ്ട പ്രവൃത്തികളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് ടെണ്ടറുകൾ അംഗീകരിച്ച ശേഷം ഭൂരിഭാഗം പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്നത് പദ്ധതി രൂപീകരണ സമയത്ത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാലാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഒട്ടുമിക്ക കാർഷിക വികസന പ്രവൃത്തികളുടെ സാങ്കേതികാനുമതിയിലും പൂർത്തീകരിക്കേണ്ട കാലയളവ് ഒരു വർഷമാണ്. എന്നാൽ മുൻ വർഷത്തിൽ രൂപീകരിച്ച 18 പ്രവൃത്തികൾ സ്പിൽ ഓവറായി മാറ്റപ്പെടുകയും പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാവുകയും ചെയ്തിട്ടുണ്ട്. പക്ഷേ കാലതാമസം നേരിട്ട പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. ചില പ്രത്യേക സമയങ്ങളിൽ മാത്രമേ കൃഷി അനുബന്ധ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂവെന്നതിനാലാണ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാത്തതെന്ന് അറിയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ സാമ്പത്തിക വർഷത്തിൽ രൂപീകരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാത്തതു മൂലം പദ്ധതികൾ സ്പിൽ ഓവറായി മാറ്റപ്പെടുകയും തന്മൂലം തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി തുക വകയിരുത്താനാവാത്ത സാഹചര്യം ഉണ്ടാകുന്നതായും കാണുന്നു. ആയതിനാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും

ഇക്കാര്യത്തിൽ കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കാർഷിക യന്ത്ര സേവന കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാർഷിക യന്ത്രങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ വളരെയധികം കാർഷിക യന്ത്രോപകരണങ്ങൾ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായും ഉപയോഗമില്ലാതെ ഉപകരണങ്ങൾ വെയിലും മഴയുമേറ്റ് നശിക്കുന്നതായും കാണുന്നു. 2010-11 കാലയളവു മുതൽ ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ സേന-കാർഷിക യന്ത്ര സേവന സംഘം, ഗ്രീൻ ഫ്രണ്ട്സ് കാർഷിക യന്ത്ര സേവന കേന്ദ്രം എന്നിങ്ങനെ വിവിധ സംഘടനകൾക്ക് വാങ്ങി നൽകിയ യന്ത്രോപകരണങ്ങളാണ് നിലവിൽ ഉപയോഗമില്ലാതെ നശിക്കുന്നത്. 2012ൽ പ്രവർത്തനമാരംഭിച്ച ഭക്ഷ്യ സുരക്ഷാസേനക്ക് വാങ്ങി നൽകിയ യന്ത്രങ്ങൾ സംഘത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ 30.1.16 ലെ 16ാം നമ്പർ തീരുമാന പ്രകാരം ഗ്രീൻ ഫ്രണ്ട്സ് സംഘത്തിന് കൈമാറുകയുണ്ടായി. യന്ത്രങ്ങളും ഉപകരണങ്ങളും കാര്യക്ഷമമായി വിനിയോഗിക്കുകയും വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വരവിന്റെ 10% തുക പഞ്ചായത്തിൽ സമയബന്ധിതമായി അടവാക്കുന്നതും സംബന്ധിച്ച് സംഘം ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും യന്ത്രങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് സംഘം ഉത്തരവാദിയായിരിക്കുമെന്നും മേൽ കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുകയോ വരവു ചെലവു കണക്കുകൾ തയ്യാറാക്കി 10% തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുകയോ ചെയ്യുന്നില്ല. തുടർന്ന് കണക്കുകൾ സമർപ്പിക്കുന്നതിനും തുക അടവാക്കുന്നതിനും ആവശ്യപ്പെട്ട് കൃഷി അസി.ഡയറക്ടർ നിരവധി നോട്ടീസുകൾ നൽകിയിട്ടും തുക അടവാക്കുകയോ കണക്കുകൾ തയ്യാറാക്കി നൽകുകയോ യന്ത്രങ്ങൾ വിനിയോഗിക്കുകയോ ചെയ്തു കാണുന്നില്ല. നിലവിൽ കാർഷിക യന്ത്രങ്ങൾ വിനിയോഗിക്കാനാവാതെ പാഴായി പോകുന്നതായാണ് കാണുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കി സംഘത്തിൽ നിന്നും റവന്യൂ റിക്കവറി വഴി നഷ്ടം ഈടാക്കുകയും സംഘം പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് യന്ത്രങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കി, ഉപയോഗക്ഷമമായവ തുടർന്ന് വിനിയോഗിക്കുന്നതിനും അല്ലാത്തവ ലേലം ചെയ്ത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

നിലവിൽ സംഘത്തിന് കൈമാറിയ യന്ത്രോപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു. ആയതു പ്രകാരം യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടോയെന്ന് ഭൗതിക പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്.

| യന്ത്രോപകരണങ്ങൾ | എണ്ണം |
|---|---|
| നടീൽ യന്ത്രം | 4 |
| ട്രാക്ടർ | 2 |
| ബെയിലർ | 3 |
| ഹുഡ് | 2 |

| | |
|---|---|
| ടെയ് ലർ | 1 |
| കെയ്ജ് വീൽ | 2 |
| കൾട്ടിവേറ്റർ | 1 |
| റോട്ടോവേറ്റർ | 1 |
| ബമ്പർ | 1 |
| ടില്ലർ | 5 |
| ഗാർഡൻ ടില്ലർ | 1 |
| തെങ്ങുകയറ്റയന്ത്രം | 8 |
| കൊയ്ത്തുമെതിയന്ത്രം | 1 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള അഞ്ച് പാടശേഖരങ്ങളിലായി 2600 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നതായും സജീവമായ 54 പാടശേഖരങ്ങൾ ഉള്ളതായും കാണുന്നു. കാർഷിക വികസനത്തിനായി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളിലുൾപെടുത്തി വാങ്ങിയ കാർഷിക യന്ത്രോപകരണങ്ങൾ ഇത്രമാത്രം കാർഷിക പ്രാധാന്യമുള്ള ഒരു മേഖലയിൽ പ്രയോജനപെടുത്താനാവാതെ നശിച്ച് പോകുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് ആവശ്യമായ അറ്റകുറ്റപണികൾ നടത്തി യന്ത്രങ്ങൾ വിനിയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 സാക്ഷരത പത്താം ക്ലാസ് തുല്യത പരീക്ഷ -കോഴ്സ് ഫീ നല്കൽ.

പ്രോജക്ട് നമ്പർ - SO 107/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.

അടങ്കൽ 30000/-
ചെലവ് 27000/-
ബിൽ നം. 89/2018-19 തിയ്യതി 26-3-2019

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ പത്താം തരം, ഹയർ സെക്കണ്ടറി തുല്യത പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ കോഴ്സ് ഫീ നല്കൽ എന്ന പ്രൊജക്ട് ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ട് തുകയിൽ നിന്നും പത്താം തരം തുല്യത പരീക്ഷ എഴുതിയ 14 പേർക്ക് 1000 രൂപ വീതം 14000 രൂപയും, പ്ലസ് വൺ തുല്യത പരീക്ഷ എഴുതിയ 8 പേർക്ക് 1500 രൂപയും പ്ലസ് ടു തുല്യത പരീക്ഷ എഴുതിയ ഒരാൾക്ക് 1000 രൂപയും ഉൾപ്പെടെ 27000 രൂപ കേരള സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 10/28-6-2019-ന് പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അറ്റന്റൻസ് രജിസ്റ്റർ, ഹാൾടിക്കറ്റ് തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 പഴുവിൽ മൂന്നു സെന്റ് കോളനി കുടിവെള്ള പദ്ധതി, ചാഴൂർ

പ്രോജക്ട് നമ്പർ - SO 104/19
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി ,അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.
അടങ്കൽ 850000
ചെലവ് 850000
ബിൽ നം. 69/2018-19 തിയ്യതി 28-12-2018

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതിയായ പഴുവിൽ മൂന്നു സെന്റ് കോളനി കുടിവെള്ള പദ്ധതി, (വാർഡ് 15 ചാഴൂർ ഗ്രാമപഞ്ചായത്ത്) നടപ്പാക്കുന്നതിന് 850000 രൂപ ഭൂഗർഭ ജലവകുപ്പിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 10/28-6-2019 ന് മറുപടിയായി മോട്ടോർ ഷെഡ്ഡ് നിർമ്മാണവും പൈപ്പ് കണക്ഷനുകളും പൂർത്തീകരിക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(1) പ്രോജക്ട് നമ്പർ - SO 18/19 മനക്കൊടി വെളുത്തൂർ ഉൾപ്പാടം വൈദ്യുതി ലൈൻ പൂർത്തീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.
അടങ്കൽ 190156/-
ചെലവ് 190156/-
ബിൽ നം. 60/2018-19 തിയ്യതി 28-9-2018

2018-19 സാമ്പത്തിക വർഷം മനക്കൊടി വെളുത്തൂർ ഉൾപ്പാടം വൈദ്യുതി ലൈൻ പൂർത്തീകരണം പദ്ധതി നടത്തിപ്പിനായി 190156 കെ.എസ്.ഇ.ബി.യ്ക്ക് നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

(2) പ്രോജക്ട് നമ്പർ - SO 19/19 ജയന്തി പടവ് കാടച്ചാൽ വൃത്തിയാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.

അടങ്കൽ 100000/-
ചെലവ് 100000/-
ബിൽ നം. 50/2018-19 തിയ്യതി 28-9-2018

ജയന്തി പടവ് കാടച്ചാൽ വൃത്തിയാക്കൽ പദ്ധതിയ്ക്ക് ചാഴൂർ ഗ്രാമപഞ്ചായത്തിന് 100000/- രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

(3) പ്രോജക്ട് നമ്പർ - SO 14/19 പുത്തൽ പീടിക ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.
അടങ്കൽ 500000
ചെലവ് 500000
ബിൽ നം. 61/2018-19 തിയ്യതി 29-11-2018

പുത്തൽ പീടിക ആയുർവേദ ആശുപത്രിയിലേയ്ക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ പദ്ധതി

നടത്തിപ്പിനായി 500000/- രൂപ അന്തിക്കാട് ഗ്രാമപഞ്ചായത്തിന് മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ഖണ്ഡികകൾ പ്രകാരം രേഖകൾ ഹാജരാക്കുന്നതു വരെ 790156/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ഡയാലിസിസ് ഉപകരണങ്ങൾ വാങ്ങി നല്കൽ -സർക്കാർ സ്ഥാപനങ്ങൾക്ക് പ്രഥമ പരിഗണന നല്കണം

പ്രോജക്റ്റ് നമ്പർ - SOO 74/19

പ്രൊജക്റ്റ് – സന്നദ്ധ സ്ഥാപനത്തിന് ഡയാലിസിസ് ഉപകരണവും അനുബന്ധ സാമഗ്രികളും വാങ്ങി നല്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്.

അടങ്കൽ 1400000/-

ചെലവ് 1399998/-

ബിൽ നം. 2/2018-19 തിയ്യതി 23-11-2018

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പെരിങ്ങോട്ടുകര അസോസിയേഷൻ എന്ന സ്വകാര്യ ഡയാലിസിസ് സ്ഥാപനത്തിന് രണ്ട് ഡയാലിസിസ് ഉപകരണവും അനുബന്ധ സാമഗ്രികളും വാങ്ങി നല്കിയിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ ജി.ഒ. എം എസ്. 72/2017 തസ്വഭവ തിയ്യതി 29.3.2017 പ്രകാരം ഇത്തരത്തിലുള്ള സഹായങ്ങൾ സർക്കാർ ഡയാലിസിസ് സ്ഥാപനങ്ങൾക്ക് മാത്രമേ നല്കാൻ അനുവാദമുള്ളൂ. എന്നിരുന്നാലും 18-7-18 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം, 26.9.18 ലെ 2500/18 തസ്വഭവ സർക്കാർ ഉത്തരവു പ്രകാരവുമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആലപ്പാട്, അന്തിക്കാട്, തൃപ്രയാർ സി.എച്ച്.സി.കളിൽ നിലവിൽ ഈ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്ന് ടി കാര്യത്തിന് നല്കിയ ഓഡിറ്റ് അന്വേഷണം 2 ന് ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. ഉപകരണം നല്കിയ സ്ഥാപനത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ സ്ഥാപനം നല്ല നിലയിലാണ് പ്രവർത്തിക്കുന്നതെന്നും, വ്യക്തമായി. നിലവിൽ സ്ഥാപനത്തിൽ 9 ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമായി. ഇതിനു പുറമെയാണ് രണ്ട് ഡയാലിസിസ് ഉപകരണവും അനുബന്ധ സാമഗ്രികളും ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നല്കിയിട്ടുള്ളത്. വളരെയധികം രോഗികൾ ചികിത്സ തേടി വരുന്നതിനാൽ മേഖലയിൽ ഡയാലിസിസ് ആവശ്യമുള്ളവരുടെ എണ്ണം കൂടുതലാണെന്നുള്ള സാഹചര്യമുണ്ട്. ആയതിനാൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ സർക്കാർ വക സി.എച്ച്.സി.കളിൽ ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

2. സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാർ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന്

നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. സേവനം നല്കുന്നത് തികച്ചും സൗജന്യമാണോ എന്ന് നിരീക്ഷിക്കുന്നതിനായി മൂന്ന് മാസത്തിലൊരിക്കൽ സ്ഥാപനത്തിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ആവശ്യമെങ്കിൽ ഭൗതികപരിശോധന നടത്തി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

## 3-7 പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനം- മോട്ടോറുകൾ യഥാസമയം ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ - SOO 60/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അടങ്കൽ 3552472

ചെലവ് 3552472

ബിൽ നം. 1/2018-19 തിയ്യതി 8.10.2018

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം-പദ്ധതി പ്രകാരം അന്തിക്കാട്, താനാപ്പാടം, ആലപ്പാട് പുള്ള്, എറവ് പാടശേഖര സമിതികൾക്കായി പെട്ടി പറ അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനായി കേരള അഗ്രോ ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിന് 22.10.18 ലെ 078359 ബിൽ നമ്പർ പ്രകാരം 3552472 രൂപ നല്കിയിട്ടുണ്ട്. ടി പാടശേഖരസമിതി കാര്യാലയങ്ങളിൽ നടത്തിയ ഭൗതിക പരിശോധനയിൽ താനാപ്പാടം, അന്തിക്കാട് സമിതികൾക്ക് മോട്ടോർ പമ്പ് സെറ്റ് ഒഴികെ ബാക്കിയുള്ള എല്ലാ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് കാണുന്നു.

3.1.18 തിയ്യതിയിൽ ഈ സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം 120 ദിവസത്തിനകം (1.2.19 തിയ്യതിക്കകം) എല്ലാ ഉപകരണങ്ങളും ലഭ്യമാക്കേണ്ടതായിരുന്നു. ടി ഉപകരണങ്ങളുടെ ട്രാൻസ്പോട്ടേഷൻ ഇൻസ്റ്റാലേഷൻ ചാർജ് ഇനത്തിൽ 80000 രൂപ മുൻകൂർ നല്കിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 5 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്പോൾ പാടങ്ങളിൽ വെള്ളം നിറഞ്ഞ് കിടക്കുന്നതിനാൽ ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിൽ കൃഷിപ്പണി ആരംഭിക്കുന്ന സാഹചര്യത്തിൽ അതിനു മുമ്പ് തന്നെ ആയത് ലഭ്യമാക്കി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇൻസ്റ്റലേഷൻ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 റിവോൾവിംഗ് ഫണ്ട് നൽകൽ - കമ്മിറ്റി അംഗീകാരം തേടുന്നില്ല

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 17 പാടശേഖര സമിതികളുടെ പരിധിയിലുള്ള 2292.7 ഹെക്ടർ പാടങ്ങൾക്ക് ഹെക്ടറൊന്നിന് 1100/- രൂപ പ്രകാരം 25,21,968/- രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. ചെക്കായി തുക നൽകുകയും എല്ലാ വർഷവും ജൂൺ മാസം 30 നകം നെഫ്റ്റ് വഴിയോ, ബാങ്കിൽ നേരിട്ടോ തിരിച്ചടവാക്കുകയും ചെയ്തുവരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സജീവമായ അൻപത്തിനാല് പാടശേഖരസമിതികൾ നിലവിലുള്ളതിൽ തുക നൽകിയ പതിനേഴെണ്ണത്തിന്റെ അർഹതാ മാനദണ്ഡം എപ്രകാരമാണെന്നും ആയതിന് കമ്മിറ്റി തീരുമാനം ലഭ്യമായിട്ടുണ്ടോയെന്നുമുള്ള വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക നൽകാനുള്ള തീരുമാനം മാത്രമാണ് എടുത്തിട്ടുള്ളതെന്നും തുക നൽകിയതിന് കമ്മിറ്റി തീരുമാനം തേടുന്നതിന് സമർപ്പിക്കുന്നതാണെന്നുമാണറിയിച്ചിട്ടുള്ളത്. റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി തെരഞ്ഞെടുത്ത സമിതികളുടെ അർഹത കമ്മിറ്റി തീരുമാനത്തിന് വിധേയമായി നിർണ്ണയിക്കേണ്ടതും റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച രേഖകൾ ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്ത് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 3-9 പി.എം.എ.വൈ. ഭവനനിർമ്മാണം

1) പി.എം.എ.വൈ. ലൈഫ് ഭവനനിർമ്മാണം (ജനറൽ)

പ്രോജക്ട് നമ്പർ - SOO 05/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ 11073918

ചെലവ് 4812318

2) പി.എം.എ.വൈ. ലൈഫ് ഭവനനിർമ്മാണം (ജനറൽ)

പ്രോജക്ട് നമ്പർ - SOO 06/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ 11501254

ചെലവ് 4970801

2018-19 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ. പദ്ധതിയ്ക്ക് ടാർജറ്റ് അനുവദിച്ചുകിട്ടാത്തതിനാൽ മുൻ സാമ്പത്തിക വർഷം കരാർ വച്ചിട്ടുള്ള 17 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കളെ 2016-17 ലായും ബാക്കി 12 ഗുണഭോക്താക്കളെ 2017-18 ലേയ്ക്കും അലോട്ട് ചെയ്ത് ഭവന നിർമ്മാണത്തിന് ധനസഹായം നല്കി വരുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 7/28.6.2019ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ടത്തിലാണ് ഗുണഭോക്താക്കൾ കരാർ വച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും. ആയതിനാൽ ഈ വീടുകൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി

2016-17

ജനറൽ

| ക്രമ | പഞ്ചായത്ത് | രജി. നം | പേര് | സ്റ്റാറ്റസ് | വർഷം | റിമാർക്സ് | നല്കിയ |
|---|---|---|---|---|---|---|---|

| നം. | | | | | | | തുക |
|---|---|---|---|---|---|---|---|
| 1 | താന്ന്യം | KL1085178 | തങ്ക രാമൻ | ഫണ്ട് ബാക്ക് | 2016-17 | | 98000 |
| 2 | താന്ന്യം | KL1071713 | കളിച്ചത്ത് കുട്ടൻ അംബിക | ലിന്റൽ ലെവൽ | 2016-17 | | 360000 |
| 3 | മണലൂർ | KL1055455 | കാർത്ത്യായനി സുകുമാരൻ | റൂഫ് | 2016-17 | 2018-19 | 376000 |

എസ് സി ഗുണഭോക്താക്കൾ

| ക്രമ നം. | പഞ്ചായത്ത് | രജി. നം | പേര് | സ്റ്റാറ്റസ് | വർഷം | റിമാർക്സ് | നല്കിയ തുക |
|---|---|---|---|---|---|---|---|
| 1 | മണലൂർ | KL1086012 | അജിത വത്സൻ | എഫ് ബി | 2016-17 | 2018-19 | 176000 |
| 2 | താന്ന്യം | KL1080234 | പുത്തൻപുര കുഞ്ഞയ്യപ്പൻ ബീന | റൂഫ് | 2016-17 | 2018-19 | 376000 |

2017-18

ജനറൽ

| ക്രമ നം. | പഞ്ചായത്ത് | രജി. നം | പേര് | സ്റ്റാറ്റസ് | വർഷം | റിമാർക്സ് | നല്കിയ തുക |
|---|---|---|---|---|---|---|---|
| 1 | അരിമ്പൂർ | KL1044933 | ഷീബ | ലിന്റൽ ലെവൽ | 2017-18 | 2018-19 | 37000 |
| 2 | താന്ന്യം | KL1071713 | ഉഷ കടലപ്പറമ്പിൽ ശ്രീധരൻ | ലിന്റൽ ലെവൽ | 2017-18 | 2018-19 | 278000 |

എസ് സി ഗുണഭോക്താക്കൾ

| ക്രമ നം. | പഞ്ചായത്ത് | രജി. നം | പേര് | സ്റ്റാറ്റസ് | വർഷം | റിമാർക്സ് | നല്കിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ചാഴൂർ | KL1104122 | കരിമുകിൽ പെങ്ങൻ കാത്തു | റൂഫ് | 2017-18 | | 376000 |
| 2 | ചാഴൂർ | KL1108435 | എറ്റിയേടത്ത് ശ്യാമ | ആരംഭിച്ചിട്ടില്ല. | 2017-18 | | 48000 |
| 3 | ചാഴൂർ | KL1118118 | നിർമ്മല രാംപ്രസാദ് | റൂഫ് | 2017-18 | | 376000 |
| 4 | മണലൂർ | KL1045523 | ഇച്ചക്കൻ മോഹനൻ ഗീത | ആരംഭിച്ചിട്ടില്ല. | 2017-18 | | 48000 |
| 5 | അന്തിക്കാട് | KL1045052 | പോല്പ വേലായുധൻ രാമൻ | ലിന്റൽ ലെവൽ | 2017-18 | 2018-19 | 166000 |
| 6 | അരിമ്പൂർ | KL1017155 | രജനി | റൂഫ് | 2017-18 | 2018-19 | 258000 |
| 7 | ചാഴൂർ | KL1113531 | ഷീല സുകുമാരൻ | റൂഫ് | 2017-18 | 2018-19 | 376000 |
| 8 | ചാഴൂർ | KL1082352 | വി.എം.സുമതി | ലിന്റൽ ലെവൽ | 2017-18 | 2018-19 | 266000 |
| 9 | താന്ന്യം | KL1068913 | സതി | ലിന്റൽ ലെവൽ | 2017-18 | 2018-19 | 246000 |

മേൽ ഗുണഭോക്താക്കളിൽ രണ്ട് ഗുണഭോക്താക്കൾ ബേസ്മെന്റ് പൂർത്തിയാക്കിയിട്ടുണ്ട്. ഏഴ് ഗുണഭോക്താക്കൾ ലിന്റൽ ഉയരം വരെ പണി തീർത്തിട്ടുണ്ട്.ആറ് ഗുണഭോക്താക്കൾ റൂഫ് ലെവൽ വരെ പൂർത്തിയിയാക്കിയിട്ടുണ്ട്. രണ്ട് പേർ പണി ആരംഭിച്ചിട്ടില്ല എന്നും രണ്ട് പേർ ഫണ്ട് തിരിച്ചടച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ പണികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട്സ് പരിശോധിച്ചതിൽ 31.03.2019-ന് ടി.എസ്.സി യുടെ SBI കാഞ്ഞാണി ശാഖയിലുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ (67126020030 നം) 22,76,076/- രൂപ അവശേഷിക്കുന്നതായി കാണുന്നു. മുൻവർഷത്തിൽ 24910 രൂപയും തൻ വർഷത്തിൽ 12600/- രൂപയും ആണ് രണ്ടു വർഷമായി ഈ അക്കൗണ്ടിൽ നിന്ന് ആകെ ചെലവ് നടത്തിയിട്ടുള്ളത്. നിർമ്മൽ പുരസ്കാര തുകയും ഈ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ SM(എ)186/09, തിയ്യതി 01.03.2010 അനുസരിച്ച് കൈമാറിയ നിർമ്മൽ ഗ്രാമ പുരസ്കാരം അവാർഡ് തുക 1900000/- രൂപ നാളിതു വരെയും ചെലവഴിച്ചിട്ടില്ല (AG യുടെ 23.3.17 ഓഡിറ്റ് റിപ്പോർട്ട് പരാമർശം). ഗ്രാമ പ്രദേശത്തെ ജന ജീവിതത്തിന്റെ പൊതുവായ ഗുണമേൻമ വർദ്ധിപ്പിക്കുക,

ആരോഗ്യ വിദ്യാഭ്യാസം, ബോധവൽക്കരണം, ശുചിത്വ സൗകര്യങ്ങളുടെ വ്യാപനം, എന്നിവയാണ് നിർമ്മൽ ഗ്രാമ പുരസ്കാര പദ്ധതി വിഭാവനം ചെയ്യുന്നത്. നിക്ഷേപതുക നിയമാനുസൃതം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൈക്ക പദ്ധതി -4 വർഷത്തിലേറെയായി ഫണ്ട് ചെലവാക്കാതെ സൂക്ഷിക്കുന്നു

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നായി പ്രോഗ്രാം ഫോർ യുവ ക്രീഡ ആന്റ് ഖേൽ അഭിയാൻ (പൈക്ക) പദ്ധതിയ്ക്കായി കേന്ദ്രവിഹിതം 2,70,000/- രൂപ ലഭിച്ചത് 4 വർഷത്തിലേറെയായി ചെലവഴിക്കാതെ ബാങ്ക് ഓഫ് ഇന്ത്യയിൽ (കണ്ടശ്ശാൻകടവ്) വിവിധ പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ പലിശ വിവരം ലഭ്യമാകുന്നില്ല. സ്കൂൾ തല റൂറൽ മൽസരങ്ങൾ, സ്കൂൾ മൈതാന വിപുലീകരണം എന്നിങ്ങനെയുള്ള പദ്ധതികൾക്ക് തുക വിനിയോഗിക്കാമെങ്കിലും സ്കൂളുകളിൽ ഇത്തരം പദ്ധതികൾക്കായി നാളിതു വരെ തുക വിനിയോഗിച്ചിട്ടില്ല. കേന്ദ്ര വിഹിതം ചെലവഴിക്കാതെ തുടരുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് അധികാരികൾ ഈ വിഷയത്തിൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ICDS കേന്ദ്ര വിഹിതം വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B4 പ്രകാരം ബ്ളോക്ക് പഞ്ചായത്തിന്റെ GPG അക്കൗണ്ടിൽ 31.3.19-ന് 12,37,064/- രൂപ ICDS കേന്ദ്ര വിഹിതം നീക്കിയിരിപ്പുണ്ട്. പ്രത്യേക അക്കൗണ്ടായി നിലനിർത്താത്തതിനാൽ പലിശ വിവരം ലഭ്യമല്ല. ( ACR രജിസ്റ്ററിൽ പ്രത്യേകം ചേർത്തിട്ടുണ്ട്) ഗ്രാമപഞ്ചായത്തുകളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന നടപ്പാക്കുന്ന അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി ബ്ലോക്ക് പഞ്ചായത്തു വഴി കൈമാറി വന്നിരുന്ന കേന്ദ്ര വിഹിതം ആണ് ഈ തുകയെങ്കിൽ, തുക ചെലവഴിക്കാതെ തുടരുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ തുക പലിശ ചേർത്ത് നിയമാനുസൃതം വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-13 നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ്- മേൽനോട്ടത്തിലെ വീഴ്ചകൾ

1) 2017-18 വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതും 2017-18, 2018-19 വർഷങ്ങളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ താഴെ പറയുന്ന പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിയായി Advance to implementing agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|

| | | |
|---|---|---|
| 111 | ചാത്തൻകുളങ്ങര പാടശേഖരത്തിൽ ഇലക്ട്രിക് ലൈനും മോട്ടോർ കണക്ഷനും | 84,250 |
| 142 | തൃപ്രയാർ സി.എച്ച്.സി.യിൽ വനിത വാർഡ് നിർമ്മാണം - പി.ഡബ്യു.ഡി.ക്ക് ഫണ്ട് കൈമാറൽ | 37,13,200 |
| 128 | ചാലാടി പഴക്കോൾ വൈദ്യുതീകരണം | 12,52,949 |

ഇതിൽ പ്രൊജക്റ്റ് 142/2018 പ്രകാരം തൃപ്രയാർ സി.എച്ച്.സി.യിൽ വനിത വാർഡ് നിർമ്മാണം - പി.ഡബ്യു.ഡിയുമായി നാളിതുവരെയായി കരാർ വെക്കുകയോ നിർമ്മാണം തുടങ്ങുകയോ ചെയ്തിട്ടില്ല എന്ന വിഷയം 29.6.19 ന നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചതിനു നടപടികൾ സ്വീകരിച്ചു വരികയാണെന്ന് പ്രസിഡന്റ് മറുപടി പറയുകയുണ്ടായി.

2)അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 18.3.2019-ലെ തീരുമാനം 6 പ്രകാരം 2011-12 കാലയളവിൽ മുടങ്ങിക്കിടന്നിരുന്ന പട്ടികജാതിക്കാർക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി (S0 50/2011) തുക 19.8 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള വിവരം പട്ടിക ജാതി വികസന ഓഫീസർ ലഭ്യമാക്കിയിട്ടുള്ളതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ LBA പരാമർശം ഖണ്ഡിക ഭാഗം II B[II](1) ഒഴിവാക്കിത്തരുന്നതിന് അക്കൗണ്ടന്റ് ജനറലിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

എന്നാൽ ടി തുകയിൽ 5 പഞ്ചായത്തുകൾക്കും ബ്ളോക്ക് വിഹിതം 396000 രൂപ വീതം നൽകിയത് KWA യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും ആയതിൽ ചാഴൂർ, മണലൂർ ഗ്രാമപഞ്ചായത്തുകൾ പദ്ധതി പൂർത്തീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ലെന്നും ആണ് പട്ടിക ജാതി വികസനഓഫീസറുടെ 12.4.19 ലെ A-212/12(3) കത്തു പ്രകാരം 26.3.19 ലെ സെക്രട്ടറിയുടെ C-318/14(2) നമ്പർ കത്തിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ പഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നൽകിയതോ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതോ സംബന്ധിച്ച് ഒരു രജിസ്റ്റർ ബ്ളോക്ക് പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടി പഞ്ചായത്തുകൾ പദ്ധതി നടപ്പിലാക്കാത്തതിനാൽ KWAയിൽ ഡെപ്പോസിറ്റ് ചെയ്ത 792000/- (2*396000/-) രൂപ തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പൂർത്തീകരിച്ച പഞ്ചായത്തുകളിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ആയതു ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 റോഡുകൾ ബ്ലോക്ക് ആസ്തിയിൽ പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് B-11 410300103 എന്ന ശീർഷകത്തിൽ (ഫിക്സ്ഡ് അസറ്റ് -റോഡ് മെറ്റൽ) 2413989/- രൂപ ആസ്തിയുണ്ട്. റോഡുകൾ ബ്ലോക്ക് ആസ്തിയിൽപ്പെടുന്നതല്ലാത്തതിനാൽ അതു പണി പൂർത്തീകരിക്കുന്ന സമയത്തു തന്നെ പഞ്ചായത്തുകൾക്ക് കൈമാറി നൽകേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | OB | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| അന്തിക്കാട് ഗ്രാമപഞ്ചായത്ത് | 2018-19 | 443924 | 270000 | ഐ.ഐ.വൈ/പി.എം.എ.വൈ | 380000 | 333924 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | | 33250 | 400000 | | 383000 | 50250 |
| ചാഴൂർ ഗ്രാമപഞ്ചായത്ത് | | 755586 | 540714 | | 1151000 | 145300 |
| മണലൂർ ഗ്രാമപഞ്ചായത്ത് | | 384616 | 658333 | | 330000 | 712949 |
| താന്ന്യം ഗ്രാമപഞ്ചായത്ത് | | 83875 | 766000 | | 568900 | 280975 |
| ജില്ലാ പഞ്ചായത്ത് | | 6737270 | 4798794 | | 9546008 | 2190056 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു. പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/ധനവിനിയോഗ സാക്ഷ്യപത്രം, നിർവ്വഹണ ഏജൻസികളുമായുള്ള കരാർ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | പഴവിൽ 3 സെന്റ്കോളനി – കുടിവെള്ള പദ്ധതി | Treasury Bill No.145/27.12.18 | 8,50,000/- | - | 8,50,000/- |
| കെ.എസ്.ഇ.ബി | മനക്കൊടി വെളുത്തൂർ ഉൾപ്പാടം- വൈദ്യുതി ലൈൻ പൂർത്തീകരണം- അരിമ്പൂർ ജി പി | 0655699/26.05.18 | 1,90,156/- | - | 1,90,156/- |

മുൻവർഷത്തിൽ (2017-18) നൽകിയ തുകയുടെ താഴെ ചേർക്കുന്ന വിശദാംശങ്ങൾ തൻവർഷത്തിലും B-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല. തുക capital expenditure ഉൾപ്പെടുത്തിയതിനാലാണ് 2017-18 ധനകാര്യപത്രികയിൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്നത്. എന്നാൽ 2018-19 ഓഡിറ്റ് കാലയളവിലും ഈ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/ധനവിനിയോഗ സാക്ഷ്യപത്രം, നിർവ്വഹണ ഏജൻസികളുമായുള്ള കരാർ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | തൃപ്രയാർ സി.എച്ച്.സി. വനിതാ വാർഡ് നിർമ്മാണം Proj No142/18 | - | 3713200 | 0 | 3713200 |
| കെ.എസ്.ഇ.ബി | ചാലാടി പഴംകോൾ ഇലക്ട്രിഫിക്കേഷൻ (Proj No128/18) | - | 1256000 | 0 | 1256000 |
| കെ.എസ്.ഇ.ബി | ചാത്തൻകുളങ്ങര പാടശേഖരത്തിൽ ഇലക്ട്രിക് ലൈൻ വലിക്കലും മോട്ടോറിന് കണക്ഷൻ നൽകലും (Proj No 111/18) | - | 84250 | 0 | 84250 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,74,03,545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,12,13,454 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 790156 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 790156 | ജോളി വിജയൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.15-1468/98 /10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06 /5.3.07 | |
| 1998-99 വരവ് | എൽ.എഫ്.ടി.21-69/08 /13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08 /13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08 /13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08 /13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08 /13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08 /13.4.09 | |
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 to10-11 | എൽ.എഫ്.ടി. (ബി.പി)1475/12/ 15.2.13/26.03.13 | |
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി. (ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015 തീയതി 5.12.2015/7.1.2016 | |
| 2014-15,2015-16 | കെ എസ് എ ടി എസ് ആർ(ബിപി)772/17 തീയതി 27.5.2017 | |
| 2016-17 | കെ എസ് എ ടി എസ് ആർ(ബിപി1)1001/17 തീയതി 09.08.2017 | |

| | | |
|---|---|---|
| 2017-18 | കെ എസ് എ ടി എസ് ആർ(ബിപി1)127/19 തീയതി 04.04.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അന്തിക്കാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ